# ഗവൺമെന്റ് ഹൈസ്കൂൾ

# കാഞ്ഞിരപ്പൊയിൽ

**നന്മയുടെ നല്ലപാഠങ്ങളിലേക്ക് കരുത്തോടെ .......സ്നേഹത്തോടെ**

## അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

# ആമുഖം

ജാതി-മത ചിന്ത കൂടാതെയും ,സാമ്പത്തിക വേർതിരിവില്ലാതെയും പൊതുവിദ്യാലയങ്ങളിൽ പഠിച്ചുവളർന്ന തലമുറയാണ് കേരള വികസനത്തിന് ശക്തി പകർന്നത്.കേരളം നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ സുസ്ഥിരവും സുശക്തവും പുരോഗമനോന്മുഖുമായ വിദ്യാഭ്യാസ സംവിധാനം ആവശ്യമാണ്.വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും വിനിമയത്തിലും സംഘാടനത്തിലും കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്.പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് അവസരതുല്യത ,സാമൂഹിക നീതി എന്നിവ ഉൾച്ചേർന്നുകൊണ്ടുള്ള ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ കഴിയണം.നവകേരള സൃഷ്ടിക്കുതകുന്ന തരത്തിൽ വിദ്യാഭ്യാസമേഖലയെ പുന :സംഘടിപ്പിക്കേണ്ടതുണ്ട്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്തർദേശീയനിലവാരത്തിലേക്കുയർത്തേണ്ടതുണ്ട്.പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

മഹത്തായ ഇത്തരം ലക്ഷ്യങ്ങൾ മുൻനിർത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുന്നതിന് സഹായകമായ ഭൗതിക പരിസരവും ,സാമൂഹ്യതലവും കൂടി ഉൾകൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ള ഈ മാസ്റ്റർപ്ലാൻ വരും വർഷങ്ങളിൽ നമ്മുടെ കുട്ടികളെ മികവിന്റെ പാതയിലേക്ക് നയിക്കുമെന്നും സർവ്വോപരി ഉത്തമപൗരൻമാരായി വളർത്താനും ഉപകരിക്കുമെന്നും പ്രത്യാശിക്കാം

# കാഞ്ഞിരപ്പൊയിൽ

## വിദ്യാലയ ചരിത്രം

ജനകീയ കൂട്ടായ്മയിലൂടെയാണ് കാഞ്ഞിരപ്പൊയിൽ എന്ന മലയോരഗ്രാമം ഇന്ന കാണുന്ന പുരോഗതി കൈവരിച്ചിരിക്കുന്നത്. 1955 ലാണ് പരിമിതമായ ജനവാസം മാത്രമുള്ള കുഗ്രാമത്തിൽ ഒരു വിദ്യാലയം വേണമെന്ന ആഗ്രഹം ജനങ്ങളിൽ ഉണ്ടായത്. നാവോത്ഥനമൂല്യങ്ങളുടെ സ്വാധീനത്തോടെ ജന്മിത്വവും നാടുവാഴിത്തവും വിടവാങ്ങിയപ്പോൾ വിദ്യാഭ്യാസത്തിലൂടെ മാത്രമേ ആത്യന്തികമായ മനവീയത സാധ്യമാവൂ എന്ന വസ്തുത ഒരു ജനത തിരിച്ചറിഞ്ഞ നാളുകളായിരുന്നു അത്.

കർഷക തൊഴിലാളികളും ചില കുടിയേറ്റക്കാരും താമസിച്ചിരുന്ന സ്ഥലം പതിയെ പതിയെ മാറിത്തുടങ്ങി . ഈ സവിശേഷമായ കാലത്തു തന്നെയാണ് കാഞ്ഞിരപ്പൊയിൽ സ്കൂളിന്റെ സ്ഥാപനവും നടന്നത്. ഭൂപരിഷ്കരണത്തിന് രണ്ടു വർഷം മുൻപ് മാത്രം സ്ഥാപിതമായ വിദ്യാലയം അതോടെ ചരിത്രപരമായ ഒരു കടമ നിറവേറ്റുകയായിരുന്നു . ഭൂപരിഷ്കരണത്തോടെ വിദ്യാലയ പ്രവേശനം കൂടുതൽ സാർവത്രികമായി. ഈ മാറ്റത്തിന്റെ ചാലകശക്തിയായത് വിദ്യാലയലഭ്യത തന്നെയാണ്. കർഷകരുടെയും കുടിയാന്റെയും മക്കൾ ഒന്നടങ്കം വിദ്യാലയത്തിലെത്തി.. മാവില ഗോവിന്ദൻ നമ്പ്യാർ, പ്രാക്കൊടൽ അമ്പാടി, പുളിയക്കാടൻ കുഞ്ഞമ്പു, എരിഞ്ഞോടത്ത് വെളുത്തമ്പാടി, ആമ്പിലേരി കോമൻ മണിയാണി, കോതോട്ട് പൊക്ലൻ, കുവക്കര കൊട്ടൻ, പുതിയറമ്പൻ ചിണ്ടൻ മണിയാണി,തോട്ടിനാട്ട് മാലിങ്കൻ,തമ്മണങ്കര ചോയി ,അമ്പു, യൂസഫ് ഹാജി, ആദംകുട്ടി ഹാജി,എരോൽ അമ്പു മണിയാണി , കോരൻ, കേക്കേടുക്കം കണ്ണൻ, കറുവളപ്പിൽ രാമൻ, ചെട്ടിയാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആരംഭിച്ച ജനകീയ കൂട്ടായ്മയാണ് വിദ്യാലയത്തെ യഥാർത്ഥ്യമാക്കിയത് . എം നാരായണൻ ആദ്യത്തെ അദ്ധ്യാപകനും,പ്രാക്കൊടൽ അമ്പാടി ആദ്യത്തെ പി ടി എ പ്രസിഡന്റുമായിരുന്നു. 1980 ലാണ് ഈ വിദ്യാലയത്തെ യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്തത്. 2013 ൽ ഹൈസ്കൂൾ വിഭാഗം കൂടി വന്നതോടെ കാഞ്ഞിരപ്പൊയിലിന്റെ വിദ്യാഭ്യാസ ചക്രവാളം കൂടുതൽ വികസിക്കുകയായിരുന്നു. ജനകീയ കൂട്ടായ്മയിൽ സ്ഥാപിതമായ സ്കൂൾ 70 വർഷം പിന്നിട്ടിരിക്കുന്നു.മടിക്കൈയുടെ മണ്ണിൽ മികവിന്റെ വിള കൊയ്തു തുടങ്ങിയ ഈ വിദ്യാലയം ഇന്നും പ്രയാണം ചെയ്യുന്നത് 70 വർഷം മുമ്പ് പൂർവ്വികർ കൊളുത്തിയ ജനകീയതയുടെ വെളിച്ചത്തിൽ തന്നെയാണ് .വരും നാളുകളിൽ വിദ്യാലയത്തിന്റെ പെരുമയും പ്രശസ്തിയും വർദ്ധിപ്പിച്ച് മികവോടെ മുന്നേറാൻ നിലവിലുള്ള കൂട്ടായ്മയ്ക്ക് കഴിയും എന്ന് പ്രതീക്ഷിക്കുകയാണ് .

# <u>പ്രശ്നങ്ങൾ വെല്ലുവിളികൾ</u>

## അക്കാദമികം

1.മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2.റിസോഴ്സ് അധ്യാപകരുടെ കുറവ്

3.ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള പാഠ്യ പദ്ധതിയുടെ അഭാവം

4.10 ശതമാനം കുട്ടികൾക്ക് അടിസ്ഥാന ശേഷി കൈവരിക്കാൻ കഴിയുന്നില്ല.

5. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല

6.ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ കഴിയുന്നില്ല.

7 ചില കുട്ടികൾക്ക് മലയാളം,ഇംഗ്ലീഷ് ,ഹിന്ദി,ഗണിതം,എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.

8 പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

9.പഠനപ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല .

10 ക്ലാസ്സ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാകുന്നില്ല.

11.കുട്ടികൾക്കാവശ്യമായ ഗൈഡൻസ് /കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗ്ഗങ്ങളുടെ അഭാവം .

12 പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബ് പ്രവർത്തനങ്ങൾ മാറുന്നില്ല .

13.വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം

14.കലാ - സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല .

# ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം.

2. ഭൂമിശാസ്ത്രപരമായ ഘടന

3. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.

4. പ്രഭാത ഭക്ഷണം കുട്ടികൾക്ക് കൊടുക്കാനുള്ള സൗകര്യം ഇല്ല.

5. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം ലഭ്യമാകുന്നില്ല.

6. ഭാഷാ ലാബുകൾ പ്രവർത്തനക്ഷമമായിട്ടില്ല

7. ഐസിടി അധിഷ്ഠിത ഉപകരണങ്ങൾ വേണ്ടത്രയില്ല.

8. കലാപഠനത്തിനുള്ള ഉപകരണങ്ങൾ ഇല്ല.

9. കുട്ടികൾക്ക് ഇരുന്നു ഭക്ഷണം കഴിക്കാൻ ആവശ്യമായ സംവിധാനമില്ല.

10. ജൈവ- അജൈവ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള യൂണിറ്റുകൾ ഇല്ല.

## സാമൂഹികം

1.ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹിക പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.

2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും വേണ്ടിയുള്ള നിലവിലുള്ള നിയമപരിരക്ഷയെക്കുറിച്ച് ധാരണയില്ല

3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല.

4. പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന,എസ് എം സി, പിടിഎ എന്നീ സ്ഥാപനങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.

5. പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല

6. കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല

7.കലാ-കായിക പ്രവർത്തിപരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല

വിഷയം : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ ശേഷി വർദ്ധപ്പിക്കുക | 2 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള അടിസ്ഥാന ഭാഷാശേഷി പരിശോധന പൂർത്തിയാക്കുന്നത്<br>പ്രീ ടെസ്റ്റ് ,പിന്നോക്കക്കാരെ കണ്ടെത്താൻ- വർക്ക് ഷീറ്റ് തയ്യാറാക്കൽ<br>പഠനത്തിനുള്ള സമയം കണ്ടെത്തി തിളക്കം എന്ന പേരിൽ വൈകുന്നേരങ്ങളിൽ ക്ലാസ്സുകൾ | 2025-26 | SRG<br>PTA | 5000/- |
| സ്വതന്ത്ര്യ വായനക്കുള്ള അവസരം സൃഷ്ടിക്കുക | * ക്ലാസ്സ് തല ലൈബ്രറി ശാക്തീകരണം<br>* സ്കൂൾ തല ലൈബ്രറി ശാക്തീകരണം<br>* പൊതുവായന മൂല ( സ്ഥലം/സൗകര്യം എന്നിവ ഒരുക്കൽ )<br>സാഹിത്യ കോർണർ( സ്കൂൾ തലം) ഓരോ ക്ലാസിൽ ചുമതല നൽകുന്നു.<br><br><u>ചങ്ങാത്ത വായന</u><br><br>* ഒന്നിച്ചിരുന്നു ഉറക്കെ വായിക്കുന്ന കഥകൾ<br>* ചർച്ചകൾ<br>* ചർച്ചാ കുറിപ്പുകൾ തയ്യാറാക്കൽ<br>* നോട്ടീസ് ബോർഡിൽ പതിക്കൽ/അസംബ്ലിയിൽ അവതരിപ്പിക്കൽ<br>ഓൾഡ് ഈസ് ഗോൾഡ്<br>* പഴയ പുസ്തകങ്ങൾ ( കുട്ടികൾക്കുള്ള കഥകൾ,നോവലുകൾ,ചിത്രകഥകൾ,ക്വിസ് പുസ്തകങ്ങൾ) മുതലായവ സ്കൂളിലേക്ക് സംഭാവന ചെയ്യുക അത് ക്ലാസ്സ് ലൈബ്രറിയുടെ ഭാഗമാക്കുക. | 2025-26 | ക്ലാസ് ടീച്ചർ,ലൈബ്രറി ചാർജ്ജുള്ള അധ്യാപകൻ വിദ്യാരംഗം കലാ സാഹിത്യം മലയാളം അധ്യാപകൻ,മലയ ാളം വിദ്യാരംഗം ക്ലബ്ബുകൾ | 5000/- |

| | | | | |
|---|---|---|---|---|
| | വീട്ടിലൊരു വായന ,വീട്ടുകാരോടൊത്ത് മാസത്തിൽ രണ്ട് തവണ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുമൊത്ത് ഒരു കുട്ടിയുടെ വീട്ടിൽ എത്തുകയും വായന ചർച്ച എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു.<br>ഒന്നിച്ചൊരു കഥ നല്ല കഥ ഓരോ വായനാ ഗ്രൂപ്പും ഒന്നിച്ചിരുന്നൊരു കഥ എഴുതുന്നു.( മാസത്തിലൊരിക്കൽ അവതരണം) | 2025-26 | വിദ്യാരംഗം | |
| | നാടക രചനാമത്സരം (ക്ലാസ് തലം) പഠിക്കേണ്ട പാഠഭാഗങ്ങളുടെ നാടക രൂപം തയ്യാറാക്കൽ<br>അവതരണം ( സ്കൂൾ തലം )<br>മധുരമൊഴികൾക്കായി .....തദ്ദേശിയരായ സാഹിത്യകാരൻമാരുടെ വീടുകളിലേക്ക് ,സാംസ്കാരിക സ്ഥാപനങ്ങൾ ഗ്രന്ഥാലയങ്ങൾ എന്നിവിടങ്ങളിലേക്കൊരു യാത്ര<br><br>ഞാനും എന്റെ കുഞ്ഞുകഥകളും/കവിതകളും ഓരോ കുട്ടിയും സ്വന്തമായി എഴുതിയതും ശേഖരിച്ചതുമായ കഥകളും കവിതകളുമൊക്കെയായി വ്യക്തിപരമായി ഉണ്ടാക്കുന്ന മാഗസിൻ വിവിധ സാഹിത്യകാരൻമാരുടെ ജീവചരിത്രകുറിപ്പ് കൃതികൾ കഥാപാത്രങ്ങൾ എന്നിവ ക്ലാസ് തലത്തിൽ തയ്യാറാക്കൽ കവിതകൾക്ക് കോറിയോഗ്രാഫി ( ഓരോ ക്ലാസും ) രണ്ട് കവിതകൾ വീതം തിരഞ്ഞെടുത്ത് അവതരിപ്പിക്കണം. ( പൊതു അസംബ്ലിയിൽ) | 2025-26 | വിദ്യാരംഗം<br>മലയാളം ക്ലബ്ബ്<br><br>വിദ്യാരംഗം<br>LEADERS FOR ALL ചാർജുള്ള അധ്യാപകർ<br>മലയാളം ക്ലബ്ബ്<br><br>വിദ്യാരംഗം<br>മലയാളം ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗവാസനകളെ പരിപോഷിപ്പിക്കുക | **മലയാളം -ഭൗതികം**<br>സുസജ്ജമായ ലൈബ്രറി വിതരണം സംവിധാനം<br>ഇരുന്ന വായിക്കാനാവശ്യമായ ഇരിപ്പിടങ്ങൾ തയ്യാറാക്കൽ<br>ക്ലാസ് തലത്തിൽ പുസ്തക അലമാര<br>മലയാള സാഹിത്യത്തിന്റെ വികാസ പരിണാമങ്ങൾ രേഖപ്പെടുത്തുന്ന ചുമരുകൾ കഥപറയുന്ന എന്ന പേരിലുള്ള സാഹിത്യ ഭിത്തി നിർമ്മാണം<br>സ്കൂൾ തലത്തിൽ വിദ്യാരംഗം/മലയാളം ക്ലബ്ബ് നോട്ടീസ് ബോർഡ് ( ആധുനിക രീതിയിലുള്ളത് )<br>**കേരളീയ കലകൾ**<br>വ്യത്യസ്ത കലാരൂപങ്ങൾ,പ്രത്യേകതകൾ തുടങ്ങിയവ ഉൾപ്പെടുന്ന ഒരു മുറി ( ചിത്രങ്ങൾ Audio- Visual effects)തയ്യാറാക്കുക<br>**മലയാളം - സാമൂഹികം**<br>കാസർഗോഡ് ,കണ്ണൂർ ജില്ലകളിലെ സാഹിത്യ തറവാടുകളിലേക്ക് യാത്ര<br>ശൂലാപ്പ് കാവ് ,കവ്വായിക്കായൽ,സഹ്യപർവ്വത മേഖലകൾ കടൽത്തീരങ്ങൾ സന്ദർശനം | 2025-26 | P T A<br>Library ചാർജ് അധ്യാപകൻ<br>S M C<br>STAFF<br>Leaders for all<br>വിദ്യാരംഗം<br>മലയാളം ക്ലബ്ബ് | 30000/- |

## വിഷയം :ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികുറവ് പരിഹരിക്കുക | Pretest for all classes<br>L S R W- നാലു മേഖലകളിലും Pretest നടത്തി കുട്ടികളെ Grade ചെയ്യുന്നു.<br>പ്രശന്ങ്ങൾ കണ്ടെത്തുന്നു.<br>അക്ഷരങ്ങൾ അറിയാത്തവർക്ക് പരിചയപ്പെടുത്തുന്നു.<br>അക്ഷരമാല ചാർട്ട എല്ലാ ക്ലാസ്സിലും<br>TLM Workshop for parents and teachers (LP Section)<br>One day one story ( 25 days )<br>ടീച്ചർ ഒരു ദിവസം ഒരു കഥ പറയുന്നു.<br>കുഞ്ഞു ചോദ്യങ്ങൾ ചോദിച്ച് ആശയ വിനിമയം നടത്തുന്നു.<br>കഥയുടെ കോപ്പി കുട്ടികകൾക്ക്കൊടുക്കുന്നു. | 2025-26 | English Teachers<br>SRG (LP)<br>SRG (UP) | 5000/- |

| | | | | |
|---|---|---|---|---|
| | 'My word -My world' എന്ന പുസ്തകത്തിൽ കുട്ടിപദങ്ങൾ എഴുതുന്നു പരിചയപ്പെടുന്നു.<br>ഇതുവരെ ഉപയോഗിച്ച് ഓരോ ആഴ്ചയിലും ഒരു ദിവസം എന്ന ക്രമത്തിൽ കുട്ടികൾക്ക് കൊടുക്കുന്നു.<br>ഇതേ കഥ I C T ഓരോ ആഴ്ചയിലും ഒരു ദിവസം എന്ന ക്രമത്തിൽ കുട്ടികൾക്ക് കൊടുക്കുന്നു.<br>ചില ഗ്രൂപ്പുകൾക്ക് കഥ,നാടകം,മൂകാഭിനയം എന്നീ സങ്കേതങ്ങളിലൂടെ അവതരിപ്പിക്കാൻ അവസരം കൊടുക്കുന്നു.<br>ആഴ്ചയിൽ ഒരു ദിവസം English Rhymes videos കാണിച്ചു കൊടുക്കുന്നു.<br>ഗ്രൂപ്പ അവതരണം ( ഇഷ്ടമുള്ള Rhyme<br>ഓരോ ഗ്രൂപ്പിലെയും പുതിയ പദങ്ങൾ അതതുസമയത്ത് ചാർട്ട് പേപ്പറിൽ എഴുതാൻ ഗ്രൂപ്പുകൾക്ക് ചുമതല നൽകുന്നു.ചിലതിന് ചിത്രീകരണവുമാവാം ( ഗ്രൂപ്പ് തല മത്സരം )<br>ഇംഗ്ലീഷ് സർഗ്ഗവേളകൾ മാസത്തിലൊരിക്കൽ<br>ഇംഗ്ലീഷ് വാർത്താ വായന ആഴ്ചയിലൊരിക്കൽ<br>ഇംഗ്ലീഷ് - General Notice Board തയ്യാറാക്കൽ<br>,News word,Puzzles | 2025-26 | ,, | ,, |
| വ്യത്തിയായും ചിട്ടയായും ഇംഗ്ലീഷ് വാക്കുകൾ അക്ഷരങ്ങൾ വാക്യങ്ങൾ എന്നിവ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക | 1. Good English , Smart English,<br><br>Smart note book [ Monday,Wednesday,Friday]<br>Finding general errors<br>Grading<br>Smart writers group<br>Creative writers group<br>Creative writers album [ Digital and written]<br>Aims, objectives,steps,out come എന്നിവ വിശദമായി അനുബന്ധമായി ഇതിനോടൊപ്പം തയ്യാറാക്കിയിട്ടുണ്ട്.<br>2.Story tainment<br>Entertaining English through Story telling | 2025-26 | English Club<br>English Teachers | |

| | | | | |
|---|---|---|---|---|
| | 50 Days 50 Stories<br>കഥ പറയുന്നു<br>[ with proper tone,intonation] communicate ചെയ്യുന്നു Retell ചെയ്യുന്നു ICT ഉപയോഗിച്ച് കാണിക്കുന്നു. New words ഗ്രൂപ്പുകളായി കണ്ടെത്തി അവതരിപ്പിക്കുന്നു എഴുതുന്നു.<br>mime/skit എന്നിവ ഗ്രൂപ്പുകളായിനചെയ്യുന്നു.കൂടുതൽ വിവരങ്ങൾ അനുബന്ധമായി തയ്യാറാക്കുന്നുണ്ട്.<br>ഓരോ ക്ലാസിലും English Corner<br>കുട്ടികളുടെ ഇംഗ്ലീഷിലുള്ള സർഗ്ഗാത്മക സൃഷ്ടികൾ<br><br>**English Story World**<br>ചെറിയ ഇംഗ്ലീഷ് STORY BOOK ക്ലാസ് തലത്തിൽ സംഘടിപ്പിച്ച് കഥാലോകം തയ്യാറാക്കുന്നു.<br>(ഒരു മാസം അഞ്ച് കഥാപാത്രങ്ങളും സവിശേഷതകളും ചാർട്ട് തയ്യാറാക്കുന്നു ക്ലാസ്സ് തലം.)<br>English Assembly ( 10 English Assembly കൾ ഒന്നു മുതൽ 10 വരെ ക്ലാസ്സുകൾ Conduct ചെയ്യുന്നു.<br>English -ഭൗതികം<br>English Library Books select ചെയ്ത് വാങ്ങുന്നു.<br>Well equipped Language Lab<br><br>English documentarier / Film show for each class. ഒരു ക്ലാസ്സിൽ 2 എണ്ണമെങ്കിലും കാണാൻ അവസരമുണ്ടാക്കുന്നു- അതിനുള്ള സൗകര്യമൊരുക്കൽ-<br>(Need projector / TV-Internet connection -Room ) | 2025-26 | English Club<br>English<br>Teachers | 20000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷയിലുള്ള അടിസ്ഥാനശേഷികൾ വർദ്ധിപ്പിക്കുക | **ഹിന്ദി**<br>ഹിന്ദി അക്ഷരക്കളരി ശില്പശാല ( രക്ഷിതാക്കൾക്കും കുട്ടികൾക്കും)<br>അക്ഷരക്കാർഡ് നിർമ്മാണം.<br>വാക്കുകൾ എഴുതിയ കാർഡുകൾ നിർമ്മാണം<br>ചിഹ്നങ്ങൾ പരിചയപ്പെടുത്തുന്ന കാർഡുകൾ | 2025-26 | Hindi Teacher | 2000/- |
| ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്കുള്ള അവസരങ്ങൾ ഉണ്ടാക്കുക. | **ഹിന്ദി കഥാ ശില്പശാല**<br>ഹിന്ദി കവിതാ ശില്പശാല<br>- ഓരോ ക്ലാസിലും ഹമാരാഹിന്ദി കോർണർ<br>-മാസത്തിലൊരിക്കൽ ഹിന്ദി ക്വിസ് ( ക്ലാസ്സ് തലം - സ്കൂൾ തലം )<br>- ഹിന്ദി ( രണ്ടു മാസത്തിലൊരിക്കൽ )<br>-ഹിന്ദി അസംബ്ലി (മാസത്തിലൊരു തവണ )<br>- ഹിന്ദി മാതൃഭാഷയായുള്ള വ്യക്തികളുമായുള്ള അഭിമുഖം<br>-പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവിതകളുടെ കൊറിയോഗ്രാഫി<br>ഹിന്ദി കവി -കഥാകൃത്തുക്കൾ ( പാഠപുസ്തകത്തിലുള്ളത് ) എന്നിവരുടെ ലഘു ജീവചരിത്രകുറിപ്പ് , ചിത്രശേഖരണം എന്നിവ തയ്യാറാക്കി ക്ലാസുകളിൽ സൂക്ഷിക്കുക<br>**ഭൗതികം**<br>ഹിന്ദി പുസ്തക ലൈബ്രറി തയ്യാറാക്കുന്നു.<br>-സചിത്ര ഹിന്ദി കഥാപുസ്തകങ്ങൾ,ചെറിയ കഥകൾ,നോവലുകൾ ഇവ വാങ്ങി സൂക്ഷിക്കുന്നു. | 2025-26 | Hindi Club<br>Hindi Teachers<br>PTA | 10000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 'Learning By Doing' എന്ന തത്വത്തിൽ അധിഷ്ഠിതമായ ശാസ്ത്ര പഠന ക്ലാസ്സുകൾക്ക് അവസരം ഒരുക്കുക<br><br>ശാസ്ത്രാവബോധവും ജീവിതവും (അന്ധവിശ്വാസം, അനാചാരം തുടങ്ങിയവ ) ബന്ധപ്പെടുത്തുക | - മുഴുവൻ ക്ലാസ്സുകളിലേയും ശാസ്ത്ര പാഠഭാഗങ്ങൾ തരംതിരിച്ച് ആവശ്യമായ Worksheet കൾ,പരീക്ഷണ സാമഗ്രികൾ,മാതൃകകൾ തുടങ്ങിയവ കണ്ടെത്തുന്നു.<br>- UP & HS തല ശാസ്ത്ര സെമിനാർ ( അദ്ധ്യാപകർക്കും ഈ മേഖലയിൽ താല്പര്യമുള്ള രക്ഷിതാക്കൾക്കും )<br>-വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.<br>-ശാസ്ത്ര പരീക്ഷണ സാമഗ്രികൾ,മാതൃകകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ശില്പശാല നടത്തുന്നു.<br>- നിരന്തര മൂല്യനിർണ്ണയത്തിനാവശ്യമായ ടൂളുകൾ, യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നതിനാവശ്യമായ ചോദ്യമാതൃകകൾ എന്നിവ തയ്യാറാക്കുന്നു.<br>-ക്ലാസ് മുറികളിൽ ( ഓരോ ആഴ്ചയിലും ഒന്ന് എന്ന ക്രമത്തിൽ )ലഘു പരീക്ഷണങ്ങൾ നടത്തുന്നു.പരീക്ഷണക്കുറിപ്പ് എല്ലാവരും തയ്യാറാക്കുന്നു.<br>-ലഘു പരീക്ഷണങ്ങളുടെ പ്രദർശനം ICT ( ഒരു മാസത്തിലൊരിക്കൽ ) എല്ലാ മാസവും സ്കൂൾ തലത്തിൽ ( ക്ലാസ്സ് തലത്തിൽ ഏറ്റവും മികച്ച രണ്ടെണ്ണം കണ്ടെത്തുക )<br><br>എല്ലാ ബുധനാഴ്ചകളിലും ശാസ്ത്ര ക്ലാസ്സിൽ ക്ലാസിലെ ഓരോ ഗ്രൂപ്പിനും പരീക്ഷണത്തിനുള്ള അവസരം കൊടുക്കുക ഗ്രേഡ് ചെയ്യുക<br>മികച്ച ശാസ്ത്ര പരീക്ഷണങ്ങളുടെ അവതരണം<br>-ശാസ്ത്ര കിറ്റ് - ഓരോ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങളും അന്ധവിശ്വാസവും ( ഈ വിഷയത്തിൽ ഓരോ മാസവും വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള സെമിനാർ തെളിവുകൾ അടിസ്ഥാനമാക്കിയുള്ള അന്ധവിശ്വാസ ദൂരീകരണം ) | 2025-26 | Students Science Club<br>PTA<br>SMC<br>Science Teachers | 10000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര - | പാഠഭാഗങ്ങളെ ആസ്പദമാക്കി ശാസ്ത്രനാടകങ്ങൾ അവതരിപ്പിക്കാനുള്ള ഇടം | | | |

| | | | | |
|---|---|---|---|---|
| സർഗാത്മകമായ അവസരങ്ങൾ സൃഷ്ടിക്കുക | കണ്ടെത്തി ഓരോ ക്ലാസും ഓരോ നാടകം അവതരിപ്പിക്കുന്നു.<br>ശാസ്ത്രലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്നും കണ്ടെത്തി വർഗ്ഗീകരിച്ച് ശാസ്ത്ര ലൈബ്രറി<br>മൂല ഉണ്ടാക്കുന്നു<br>-ഇനിയും ആവശ്യമുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>-ശാസ്ത്ര സന്ധ്യകൾ ( വിദ്യാലയത്തിലും നാട്ടിലെ വായനശാലകൾ കേന്ദ്രീകരിച്ചും )<br>വാന നിരീക്ഷണ ക്ലാസ്സുകൾ ( ഏച്ചിലാം വയൽ വാന നിരീക്ഷണ കേന്ദ്രം പയ്യന്നൂർ ) എന്നിവ സംഘടിപ്പിക്കുന്നു<br>ശാസ്ത്രവാർത്തകൾ,ശാസ്ത്രകൗതുകങ്ങൾ എന്നിവയുടെ അവതരണം<br>സ്കൂൾ അസംബ്ലിയിൽ മാസത്തിലൊരിക്കൽ | 2025-26 | Science Club<br>PTA | 5000/- |
| ചുറ്റുപാടുകളിൽ കാണുന്ന ജൈവ വൈവിദ്ധ്യങ്ങള ോടുള്ള ശാസ് ത്രീയ വീക്ഷണ മനോഭാവം ഉണ്ടാക്കുക | ജൈവ വൈവിദ്ധ്യ പാർക്കിൽ ഔഷധ സസ്യശേഖരങ്ങൾ ഉണ്ടാക്കുന്നു.അവയുടെ ശാസ്ത്രീയ നാമങ്ങൾ ഉപയോഗങ്ങൾ എന്നിവ<br>ഉൾപ്പെടുന്ന  കുറിപ്പ് തയ്യാറാക്കുന്നു.വിദ്യാലയ വളപ്പിൽ കാണുന്ന ചെടികൾ, മരങ്ങൾ എന്നിവയുടെ ശാസ്ത്രീയ നാമങ്ങൾ കണ്ടെത്തുന്നു.ഓരോന്നിന്റെയും പാരിസ്ഥിതിക പ്രാധാന്യം എന്താണെന്നുള്ള കുറിപ്പ് തയ്യാറാക്കുന്നു.<br>നാട്ടറിവ് ശേഖരണം വിശകലനം കണ്ടെത്തൽ<br>കാഞ്ഞിരപ്പൊയിലിന്റെ പാറപ്രദേശങ്ങളിൽ കണ്ടു വരുന്ന സസ്യജന്തുജാലങ്ങളെ കുറിച്ചുള്ള അറിവ് -വംശനാശം സംഭവിച്ചവ,സംഭവിച്ചുകൊണ്ടിരിക്കുന്നവ,പരിഹാരം അന്വേഷണാത്മക പ്രൊജക്ട്<br>**<u>ഭൗതികം- സയൻസ്</u>**<br>അത്യാധുനികമായ ശാസ്ത്രലാബ് ഓരോ ക്ലാസിലും ശാസ്ത്രകോർണറിലേക്ക് ആവശ്യമായ വസ്തുക്കൾ ,അലമാര,പരീക്ഷണമേശ<br>മുതലായവ ഒരുക്കൽ<br>മിനി പ്ലാനിറ്റോറിയം തയ്യാറാക്കൽ പ്രത്യേക ശാസ്ത്രലൈബ്രറി റൂം ഒരുക്കൽ | 2025-26 | Science Club<br>SMC<br>PTA | 5000/- |

# വിഷയ മേഖല :സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് നാടിനെ കുറിച്ചും സംസ്ഥാനം,ജില്ല, രാജ്യം,എന്നിവ യെകുറിച്ചുള്ള അടിസ്ഥാനപരമായ അറിവ് ഉണ്ടാക്കുക | രൂപപെടുത്തിയ ചോദ്യങ്ങൾ<br>വിശകലനം -കണ്ടെത്തൽ<br>പ്രാദേശിക ഭൂപടം തയ്യാറാക്കുന്ന പ്രവർത്തനം<br>അന്വേഷണാത്മക പ്രവർത്തനം<br>പ്രാദേശിക ചരിത്രം ചരിത്രവുമായി ബന്ധപ്പെട്ട മനുഷ്യർ,സ്ഥലങ്ങൾ സന്ദർശനം അഭിമുഖം<br>ഗ്രൂപ്പ് തലത്തിൽ ക്ലാസ്സുകൾ പ്രാദേശിക ചരിത്ര രചന നടത്തുന്നു.<br>ഗ്രാമത്തിലെ ചരിത്രപ്രധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഒരു യാത്ര.<br>**നാടറിയാൻ**<br>തുടർച്ച : ജില്ലയുടെ ഭൂപടം നിർമ്മാണം ക്ലാസ്സ് തലത്തിൽ<br>സംസ്ഥാനത്തിന്റെ ഭൂപടം നിർമ്മാണം ക്ലാസ്സ് തലത്തിൽ<br>രാജ്യത്തിന്റെ ഭൂപടം നിർമ്മാണം ക്ലാസ്സ് തലത്തിൽ പൊതുവിവരങ്ങൾ തയ്യാറാക്കുന്നു.<br>പഞ്ചായത്ത്,ജില്ല,സംസ്ഥാനം,രാജ്യം,( ചുമതല ഗ്രൂപ്പിന് ) | 2025-26 | Social science Teachers SS Club | 5000/- |
| സമകാലിക സാമൂഹ്യ പ്രശ്നങ്ങളിലുള്ള ധാരണ ഉണ്ടാക്കുക | രാഷ്ട്രവിജ്ഞാനം ഗ്രൂപ്പ് പ്രവർത്തനം News@1 pm<br>എല്ലാ വെള്ളിയാഴ്ച്ചയും ഓഡിറ്റോറിയത്തിൽ വെച്ചുള്ള Live News Programme ( ചുമതല ഓരോ ക്ലാസ്സിനും )<br>ഒരു മാസത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളെ കുറിച്ച് ക്ലാസ് തലത്തിലും,സ്കൂൾ തലത്തിലും ചർച്ച പ്രസംഗ മത്സരം,ഉപന്യാസ മത്സരം, ക്വിസ്സ് മത്സരം (മാസത്തിലൊരിക്കൽ) മെഗാ ക്വിസ് മത്സരം രണ്ട് മാസത്തിലൊരിക്കൽ പ്രതിഭാ ക്ലബ്ബ് രൂപീകരണം | 2025-26 | SS Club | 2000/- |
| പഴമയെകുറിച്ച് അറിവുണ്ടാക്കുക | പരമാവധി പുരാവസ്തുക്കൾ ശേഖരിക്കുന്നു.വർഗ്ഗീകരിക്കുന്നു ഉപയോഗം കണ്ടെത്തുന്നു.നാട്ടറിവ് ശേഖരണത്തിനായി ഗ്രാമത്തിലെ തിരഞ്ഞെടുക്കപ്പെട്ടവരുടെ വീട്ടുകളിലേക്കൊരു യാത്ര നടത്തി വിവരശേഖരം നടത്തുന്നു. | 2025-26 | SS Club | 2000/- |

| | | | | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠന ക്ലാസ്സുകൾ രസകരമാക്കുക | ഗ്രാമ യാത്ര<br>സർഗ്ഗാത്മക സാമൂഹ്യശാസ്ത്രപഠനം പാഠഭാഗങ്ങളുടെ നാടകീകരണം (ഗ്രൂപ്പ് പ്രവർത്തനം )<br>ചരിത്രസംഭവങ്ങളുടെ ആവിഷ്കാരം ക്ലാസ്സ് തലം മികച്ചത് സ്കൂൾ തലംചരിത്രസംഭവങ്ങളുടെ/ഭൂമിശാസ്ത്രപരമായ സവിശേഷതകളുടെ ഡോക്യുമെന്ററി പ്രദർശനം ( സാമൂഹ്യശാസ്ത്ര പിരീഡ് ഉപയോഗിച്ച് )<br>തോടുകളുടെ ഉദ്ഘാടനം തേടി<br>- ഉറവിടം തേടിയൊരു യാത്ര ( കാഞ്ഞിരപ്പൊയിലിലെ ഒരു തോട് തെരഞ്ഞെടുത്ത് നടത്തുന്ന യാത്ര<br>-ജൈവവൈവിധ്യം- ആവാസവ്യവസ്ഥ- ഉത്ഭവസ്ഥാനം - പാരിസ്ഥിതിക പ്രശ്നങ്ങൾ പഠനറിപ്പോർട്ട്<br>ചർച്ച<br>പരിഹാരമാർഗ്ഗങ്ങൾ<br>-കടൽ മുതൽ കാട് വരെ<br>-തീരപ്രദേശം- ഇടനാട്- മലനാട് എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുള്ള ദ്വിദിന യാത്ര<br>- യാത്രാനുഭവങ്ങൾ<br>- യാത്രയിൽ കണ്ടെത്തിയ സവിശേഷതകൾ<br>- ഭൂഭാഗങ്ങളുടെ പ്രത്യേകതകൾ<br>-ജന്തു സസ്യജാലങ്ങൾ കാലാവസ്ഥ<br>-കുറിപ്പ് അവതരണം പ്രശ്നങ്ങൾ പരിഹാരമാർഗ്ഗങ്ങൾ<br>- മഹാശിലായുഗശേഷിപ്പുകൾ തേടി യാത്ര<br>-വ്യവസായശാലാ സന്ദർശനം<br>-എരിക്കുളം ചട്ടി - പാരമ്പര്യ ചട്ടി നിർമ്മാണ രീതി പരിചയപ്പെടുത്തുന്നു.<br>-നാട്ടിലെ ചെറിയ വ്യാവസായിക, കാർഷിക യൂണിറ്റുകളിലേക്കുള്ള സന്ദർശനം സന്ദർശനം<br>- ജില്ലാ ഭരണകേന്ദ്രം - സന്ദർശനം<br>-പാരിസ്ഥിതിക പ്രശ്നങ്ങൾ അനുഭവപ്പെടുന്ന മേഖലകളിലേക്കുള്ള സന്ദർശനം<br>Moke parliament<br>വിദ്യാലയത്തിൽ നിയമനിർമ്മാണ സഭയെക്കുറിച്ചുള്ള അറിവ് നിർമ്മാണത്തിന് വേണ്ടി Moke parliament സംഘടിപ്പിക്കുന്നു | 2025-26 | SS Teacher<br>SS Club<br>Leaders for all | 30000/- |

| | | | | |
|---|---|---|---|---|
| ചരിത്രപ്രാധാന്യമുള്ള ദിനങ്ങൾ, ആഘോഷങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുക | വ്യത്യസ്തമായ രീതിയിൽ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു .പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തുന്നു.വിവിധ മതവിഭാഗങ്ങളുടെ ആഘോഷങ്ങൾ ഒരുമിച്ച് ആഘോഷിക്കുന്നു. | 2025-26 | SRG SS Club Leaders for all | 5000/- |
| കുട്ടികളുടെ അവകാശങ്ങൾ ,കടമകൾ,എന്നിവയെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുക | വിദഗ്ദരുടെ ക്ലാസ്സ് സംഘടിപ്പിക്കുന്നു<br>ഫ്ലാഷ് മൊബ് സംഘടിപ്പിക്കുന്നു<br>തെരുവ് നാടകം സംഘടിപ്പിക്കുന്നു | 2025-26 | SRG SS Club PTA | 5000/- |

| മേഖല ആരോഗ്യകായികവിദ്യാഭ്യാസം | | | | |
|---|---|---|---|---|
| കുട്ടികളിൽ കായികക്ഷമതയുടെ കുറവ് പരിഹരിക്കുക | **കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക.സ്പോർട്സ് ക്യാമ്പുകൾ മ**<br>**യോഗ,സൈക്ലിംഗ് ,നീന്തൽ എന്നിവയെ പരിശീലനം നൽകുക**<br>**പ്രദേശത്തുള്ള കായികപ്രതിഭകളുടെ സേവനം ലഭ്യമാക്കുക**<br>**യോഗാക്ലാസ്സുകൾ സംഘടിപ്പിക്കുക**<br>**ആയോധന കലകളിൽ പരിശീലനം നൽകുന്നു.**<br><br>**കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക**<br>**സ്പോർട്സ് അക്കാദമി രൂപീകരിക്കുക** | 2025-26<br><br>2025-26 | PTA,Sports Club<br>SMC<br>PTA,Sports Club<br>Yoga Club<br>Sports Club | 25000/- |

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് താല്പര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ഉണ്ടാക്കുക | കായികപ്രതിഭ പദ്ധതി - താല്പര്യമുള്ള ഇനങ്ങളിൽ വിദഗ്ദരുടെ പരിശീലനം | 2025-26 | PTA,Sports Club | 5000/- |
| കായികതാരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം കൊടുക്കുക | കായികപ്രതിഭകളെ ആദരിക്കൽ | 2025-26 | PTA,Sports Club | 1000/- |
| കുട്ടികളുടെ ആരോഗ്യ സ്ഥിതി അടുത്തറിയാൻ അവസരം സൃഷ്ടിക്കുക | -വൈദ്യ പരിശോധന<br>-ആരോഗ്യ ക്ലാസ്സുകൾ<br>-സിഡി പ്രദർശനം<br>-സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം | 2025-26 | Health Club | 2500/- |
| ശരിയായ ഭക്ഷണശീലത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുക | - ആരോഗ്യ ക്ലാസ്സുകൾ<br>-അടുക്കളത്തോട്ടം | 2025-26 | Health Club | 2500/- |
| പ്രഥമ ശുശ്രൂഷയെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുക | - വിദഗ്ധരുടെ ക്ലാസ്സുകൾ<br>-സിഡി പ്രദർശനം<br>- പ്രഥമ ശുശ്രൂഷ കിറ്റ്- സൗകര്യം ലഭ്യമാക്കൽ | 2025-26 | Health Club | 3000/- |

## വിഷയമേഖല പ്രവൃത്തി പരിചയം

| | | | | |
|---|---|---|---|---|
| കുട്ടികൾക്ക് പരിശീലന അവസരം സൃഷ്ടിക്കുക | പ്രാദേശികമായി ലഭ്യമായ കലാകാരൻമാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക | 2025-26 | PTA | 2000/- |
| പ്രാദേശികമായ പരിശീലകരെ ലഭ്യമാക്കുക തുടർപരിശീലനം നടത്തുക | പ്രവൃത്തിപരിചയമേഖലയിൽ കഴിവുള്ള പ്രാദേശികമായ വ്യക്തികളുടെ വിവരണശേഖരണം അവരെ ചേർത്തുള്ള റിസോഴസ് ഗ്രൂപ്പ് തയ്യാറാക്കൽ<br>പി ടി എ, എസ് എസ് ജി എന്നിവരുടെ നേതൃത്വത്തിൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ കണ്ടെത്തി പരിശീലനം നൽകുക<br>തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക | 2025-26 | W E Club<br>PTA, SSG<br>PTA, SSG,BRC | 5000/- |
| അസംസ്കൃത വസ്തുക്കളുടെ അഭാവം പരിഹരിക്കുക | പ്രാദേശികവിഭവങ്ങളുടെ ശേഖരണം<br>പ്രവൃത്തി പരിചയലാബ് തയ്യാറാക്കുക | 2025-26 | PTA, MPTA | 5000/- |

## മേഖല :കലാപഠനം

| | | | | |
|---|---|---|---|---|
| കലാപഠനത്തിന് വേണ്ടത്ര സമയം ലഭ്യമാക്കുക | ഒഴിവു ദിവസങ്ങളിൽ കുട്ടികൾക്കായി ക്യാമ്പ് സംഘടിപ്പിക്കുന്നു<br>അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു<br>അവധിക്കാലത്ത് 5 ദിവസം നീളുന്ന രചന പരിശീലനം | 2025-26 | Arts Club<br>വിദ്യാരംഗം | 10000/- |
| പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം ലഭ്യമാക്കുക | - ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരെ കൊണ്ട് വന്ന് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | 2025-26 | Arts Club | 20000/- |
| കലാപഠനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുക | -തബല,ഗിത്താർ,ഡ്രംസ്,വയലിൻ,കീബോർഡ് തുടങ്ങിയ സംഗീതോപകരണങ്ങൾ വാങ്ങുന്നു | 2025-28 | Arts Club<br>PTA | 75000/- |
| വിവിധ കലാരൂപങ്ങളെക്കുറിച്ചുള്ള ധാരണയുണ്ടാക്കുക | വിവിധ കലാരൂപങ്ങളുടെ വേഷവിധാനങ്ങൾ ഉപകരണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.<br>-ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നു. | 2025-26 | Arts Club<br>PTA | 10000/- |
| കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന് അവസരമുണ്ടാക്കുക | - ആഴ്ചയിലൊരു ദിവസം സർഗ്ഗവേള സംഘടിപ്പിക്കുന്നു.<br>- കുട്ടികൾക്ക് നാടക പരിശീലനം നൽകുന്നു. | 2025-26 | Arts Club<br>PTA | 2000/- |

| | | | | |
|---|---|---|---|---|
| പ്രാദേശികമായ കലാകാരൻമാരുടെ സേവനം ലഭ്യമാക്കുക | - നാടൻ കലകളിൽ പ്രാവിണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു.<br>- കുട്ടികൾക്ക് സിനിമ പരിശീലനം-<br>- ടെലിഫിലിം നിർമ്മാണം- ഫിലിം ക്ലബ്ബ് രൂപീകരണം<br>-സ്കൂൾ കലാസംഘം രൂപീകരിക്കുന്നു<br>- നാടൻ പാട്ട് സംഘം<br>- സ്കൂൾ ചെണ്ട മേള സംഘം<br>- സ്കൂൾ ബാന്റ് മേള സംഘം<br>- സ്കൂൾ നാടക സംഘം | 2025-26 | Film Club<br>Arts Club<br>PTA | 25000/- |

## മേഖല : ICT

| | | | | |
|---|---|---|---|---|
| കമ്പ്യൂട്ടറുകളുടെ കുറവ് പരിഹരിക്കുക | -ആവശ്യമായ കമ്പ്യൂട്ടറുകളുടെ ശേഖരണത്തിന് പി ടി എ പൂർവ്വവിദ്യാർത്ഥികളെ സമീപിക്കുന്നു.<br>-ചുരുങ്ങിയത് 25 കമ്പ്യൂട്ടർ എങ്കിലും ശേഖരിക്കുന്നു. | 2025-26 | PTA | 150000/- |
| വൈദ്യുതികളുടെ അഭാവത്തിൽ ICT ഉപയോഗിച്ചുള്ള പാഠഭാഗങ്ങൾ പൂർത്തിയാക്കാൻ സാധിക്കുന്ന അവസ്ഥ സൃഷ്ടിക്കുക | - ഇൻവർട്ടർ സംവിധാനം ഒരുക്കുന്നു | 2025-26 | PTA<br>smc | 30000/- |
| പാഠഭാഗങ്ങൾ ICT സാധ്യത ഉപയോഗിച്ച് വിനിമയം ചെയ്യാനുള്ള പ്രയാസം പരിഹരിക്കുക | - മുഴുവൻ ക്ലാസ്സുകളിലും ലാപ്ടോപ്പ് ,പ്രൊജക്ടർ സംവിധാനം ഒരുക്കുന്നു | 2025-26 | PTA<br>smc | 20000/- |
| ഇന്റർനെറ്റ് LAN സംവിധാനങ്ങളുടെ കുറവ് പരിഹരിക്കുക | - ലഭ്യമായ മുഴുവൻ കമ്പ്യൂട്ടറുകളിലും സംവിധാനം ഒരുക്കുന്നു<br>- മുഴുവൻ ക്ലാസ്സുകളും LAN വഴി ബന്ധിപ്പിക്കുന്നു. ക്ലാസ്സുകളിൽ ലൈവ് വീഡിയോ കാണാനുള്ള അവസരം സാധ്യമാക്കുന്നു. | 2025-26 | PTA<br>IT Teachers | 5000/- |
| സ്കൂളിലെ അക്കാദമിക വിവരങ്ങൾ രക്ഷിതാക്കളിലും നാട്ടുകാരിലും എത്തിക്കാനുള്ള കാലതാമസം ഒഴിവാക്കുക | - ഓരോ ആഴ്ചയിലേയും പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് യൂട്യൂബ് വാർത്താചാനൽ തയ്യാറാക്കുന്നു.<br>- ഓരോ ക്ലാസിലും വാട്സാപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുന്നു. | 2025-26 | IT Club | 1000/- |

| | | | | |
|---|---|---|---|---|
| ആവശ്യമായ ഐ സി ടി സാധ്യതകൾ കുട്ടികൾക്കും അദ്ധ്യാപകർക്കും ലഭ്യമാക്കുക | -മുഴുവൻ ആളുകൾക്കും ലഭ്യമായ രീതിയിൽ ഐ സി ടി സാധ്യതകൾ ഉൾകൊള്ളിച്ചു കൊണ്ട് മൊബൈൽ ആപ്പ് ആരംഭിക്കുന്നു. | 2025 October | IT Club SITC | 1000/- |
| ഐ സി ടി വിഭവങ്ങൾ കൈകാര്യം ചെയ്യുന്നത് അധ്യാപകർക്കുള്ള കഴിവ് വർദ്ധിപ്പിക്കുക | -കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനായി കുട്ടി ബ്ലോഗ് ആരംഭിക്കുന്നു.<br>- IT വിദഗ്ധൻമാരുടെ ക്ലാസ്സുകൾ നടത്തുന്നു | 2025 August | IT Club SITC | 5000/- |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ 'e' വായന പ്രോത്സാഹിപ്പിക്കുക | പരമാവധി പുസ്തകങ്ങൾ ശേഖരിച്ച് e library തയ്യാറാക്കുന്നു | 2025-26 | IT Club | |
| ആധുനിക സങ്കേതിക വിദ്യകളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുക | മുഴുവൻ കുട്ടികൾക്കും ഇ -മെയിൽ ഐ ഡി തയ്യാറാക്കുന്നു.<br>വീഡിയോ എഡിറ്റിംഗ് പരിശീലനവും ,ലഘുസിനിമാനിർമ്മാണ പരിശീലനവും നൽകുന്നു.<br>സൈബർ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | 2025-26 | IT Club Film Club | 10000/- |
| പഠനവിഭവങ്ങൾ പ്രയോജനപ്പെടുത്തുക | വീട്ടിൽ കമ്പ്യൂട്ടർ ഉള്ള മുഴുവൻ കുട്ടികൾക്കും ഉബുണ്ടു ഇൻസ്റ്റാൾ ചെയ്തു കൊടുക്കുന്നു. | 2025-26 | IT Club | 1000/- |
| ICT ഉപകരണങ്ങൾ നന്നാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക | പ്രാദേശികമായി ലഭ്യമായ ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഹാർഡ് വെയർ പരിശീലനം | 2025-26 | IT Club | 2000/- |
| പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും ആവശ്യമായ പിന്തുണയും പ്രോത്സാഹനവും ലഭ്യമാക്കുക | -കുട്ടികളുടെ വിവിധ മേഖലകളിലൂടെ നിലവാരം കണ്ടെത്തൽ .( നിരീക്ഷണങ്ങളിലൂടെയും പ്രീടെസ്റ്റിലൂടെയും കണ്ടെത്തിയ കാര്യങ്ങൾ വിശകലനം ചെയ്ത് പരിമിതികൾ കണ്ടെത്തുന്നു.)<br>- പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>-പഠനസഹായകമായ മെറ്റീരിയലുകളുടെ ലിസിറ്റ് തയ്യാറാക്കുന്നു്.<br>-ശേഖരിക്കേണ്ടവ വാങ്ങേണ്ടവ നിർമ്മിക്കേണ്ടവ എന്ന് തരംതിരിക്കൽ<br>-വാങ്ങൽ, ശേഖരണം | 2025-26 | Class Teachers SRG SSG HM/SRG | 10000/- |

| | | | | |
|---|---|---|---|---|
| | -പഠനോപകരണനിർമ്മാണ ശിൽപശാല സംഘടിപ്പിക്കൽ | | | |
| പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുഖ്യധാരയിലേക്കെത്തിക്കുക, ആത്മവിശ്വാസകുറവ് പരിഹരിക്കുക | - അവർക്കായൊരിടം- മുഴുവൻ ടീച്ചിംഗ് മാന്വലിലും നിർബന്ധമാക്കുന്നു-മോണിറ്റർ ചെയ്യുന്നു.<br>- എല്ലാ പ്രവർത്തനങ്ങളിലും മറ്റു കുട്ടികളോടൊപ്പം പങ്കാളികളാവുന്നു<br>- ഗൃഹസന്ദർശനം നടത്തി സ്നേഹവും സൗഹൃദവും ഊട്ടിയുറപ്പിക്കുന്നു.<br>-വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പരിഗണന നൽകുന്നു.<br>- ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു.<br>പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളെക്കൂടി പങ്കാളികളാക്കുന്നു.<br>***മധുരമൊഴി***<br>ഒരാഴ്ചയിലൊരിക്കൽ ക്ലാസ് ടീച്ചർ രക്ഷിതാക്കളുമായി,കുട്ടികളുമായി ഫോണിൽ സംസാരിക്കുന്നു.പഠനപിന്തുണ കൊടുക്കുന്നു.<br>ആത്മവിശ്വസം വർദ്ധിപ്പിക്കുന്നു.<br>മാസത്തിലൊരിക്കൽ ഗൃഹസന്ദർശനം നടത്തുന്നു. | 2025-26 | HM<br>All Teachers<br>PTA<br>All Teachers | 2000/- |

## മേഖല : ഉച്ചഭക്ഷണം

| | | | | |
|---|---|---|---|---|
| കുട്ടികളിലും രക്ഷിതാക്കളിലും ആരോഗ്യകരമായ ഭക്ഷണശീലത്തിന്റെ അവബോധമുണ്ടാക്കുക | -ഫുഡ്ഫെസ്റ്റ് സംഘടിപ്പിക്കുക,ഭക്ഷണശീലത്തെപ്പറ്റി ക്ലാസ്സ്,പ്രാദേശിക പാചകരീതി പരിചയപ്പെടൽ | 2025 August | PTA<br>MPTA | 2000/- |
| ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാനുള്ള വഴി കണ്ടെത്തുക | സ്കൂളിലൊരു ഫാം,ശാസ്ത്രീയ കമ്പോസ്റ്റ് നിർമ്മിക്കുക | 2025-26 | PTA<br>SMC | 50000/- |
| എല്ലാവരും ഉച്ചഭക്ഷണം കഴിക്കുന്നു എന്ന് ഉറപ്പുവരുത്തുക | - ഭക്ഷണം കഴിക്കുന്നവരുടെയും അല്ലാത്തവരുടെയും സർവേ<br>-പരിഹാര ബോധനം,വൈവിധ്യ ഭക്ഷണം | 2025-26 | ഉച്ചഭക്ഷണകമ്മിറ്റി | 1000/- |
| ഭക്ഷണം തയ്യാറാക്കുന്നതിനും കഴിക്കുന്നതിനും മതിയായ സൗകര്യമൊരുക്കുക | ഭൗതികം -ഉച്ചഭക്ഷണം<br>ഡൈനിംഗ് ഹാളിൽ ഭക്ഷണം കഴിക്കുന്നതിനാവശ്യമായ ഇരിപ്പിടം സ്ഥാപിക്കുന്നു.<br>-ഭക്ഷണശാലയോടനുബന്ധിച്ച് തന്നെ പാചകപ്പുര നിർമ്മിക്കുന്നു. | 2025-26 | SMC,PTA | 50000/- |

| | | | | |
|---|---|---|---|---|
| | -കുട്ടികൾക്ക് ആവശ്യമായ പ്ലേറ്റ് ഗ്ലാസ്സ് സൂക്ഷിക്കാനുള്ള റാക്ക് എന്നിവ വാങ്ങുന്നു. | | | |
| എസ് എസ് ജിയുടെ സഹായം അക്കാദമിക അക്കാമമികേതര പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഉൾകൊള്ളിക്കുന്നു | രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരുടെ വിവരശേഖരണം<br>രക്ഷിതാക്കളെ പഠനപ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ<br>USS/NMMSE പരിശീലനം കലാകായികമേള<br>പ്രതിഭാ ക്ലബ്ബ്,തനതു പ്രവർത്തനങ്ങൾ,തിളക്കം ക്ലാസ്സ് തുടങ്ങിയ മുഴുവൻ പ്രവർത്തനങ്ങളിലും പങ്കാളിത്തം ഉറപ്പാക്കുന്നു. | 2025-26 | STAFF SECRETERY, PTA PRESIDENT | 1000/- |
| MPTA/PTA പ്രാതിനിധ്യക്കുറവ് പരിഹരിക്കുക | മാസത്തിൽ നിശ്ചിത ദിവസം ജനറൽ എക്സിക്യൂട്ടീവ് യോഗം ചേരുന്നു, എല്ലാ മാസവും അവസാനത്തെ വെള്ളിയാഴ്ച്ച ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.<br>കോർണർ പി ടി എ നടത്തുന്നു.<br>ഗൃഹ സമ്പർക്ക പരിപാടി നടത്തുന്നു.<br>ഉച്ചഭക്ഷണപരിപാടിയിൽ പങ്കുകൊള്ളികകുന്നു.<br>കോർണർ പി ടി എ യിൽ രക്ഷിതാവിനേയും കുട്ടികളേയും ഉൾകൊള്ളിച്ചുകൊണ്ട് കലാസാംസ്കാരിക പരിപാടികൾ നടത്തുന്നു. | 2025-26 | PTA STAFF | 1000/- |
| MPTA/PTA സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക | Mobile phone communication system എല്ലാ ദിവസവും രണ്ട് വീതം രക്ഷിതാക്കളെ സ്കൂളിലേക്ക് വരുത്തുന്നു.ഉച്ചഭക്ഷണം മറ്റു സ്കൂൾ പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കാളിയാക്കുന്നു. | 2025-26 | HM/SMC/PTA | 1000/- |
| MPTA/PTA പ്രവർത്തക സമിതിക്ക് കൃത്യമായ ദിശാബോധമുണ്ടാക്കുക | PTA /MPTA പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നു.ഓരോ ഗ്രൂപ്പുകൾക്കും ചുമതലയും നിർദ്ദേശവും നൽകുന്നു | 2025-26 | PTA STAFF | 1000/- |

## ഉപമേഖല പൂർവ്വവിദ്യാർത്ഥി അധ്യാപക കൂട്ടായ്മ

| | | | | |
|---|---|---|---|---|
| പൂർവ്വ വിദ്യാർത്ഥികളുടെ വിവരങ്ങൾ കണ്ടെത്തുക, അവരുടെ കൂട്ടായമ രൂപീകരിക്കുക | പൂർവ്വ വിദ്യാർത്ഥികളുടെ വിവരങ്ങൾ ,ഫോൺ നമ്പർ എന്നിവ ശേഖരിക്കൽ ,അവരുടെ സംഘടന രൂപീകരിക്കൽ ,<br>വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അവതരിപ്പിക്കൽ<br>ഓരോ ഏരിയ തിരിച്ച് പൂർവ്വവിദ്യാർത്ഥി ലിസ്റ്റ് തയ്യാറാക്കൽ<br>ഏരിയയുടെ അടിസ്ഥാനത്തിൽ കോർണർഗ്രൂപ്പ് ഉണ്ടാക്കൽ അതിൽ നിന്നും സാമ്പത്തികമായി വിദ്യാഭ്യാസപരമായി ഉയർന്നുനിൽക്കുന്നവർ,കലാകായികമേഖലയിലെ പ്രതിഭകൾ എന്നിവരെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കൽ | 2025-August | PTA<br>STAFF<br>PTA<br>STAFF | 5000/- |
| സ്കൂളിന്റെ അക്കാദമിക -അക്കാദമികേതര പ്രവർത്തനങ്ങളിൽ പൂർവ്വവിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക | സ്കൂളിന്റെ വികസനത്തിന് വേണ്ട ഫണ്ട് രൂപീകരണം<br>പൂർവ്വവിദ്യാർത്ഥികൾക്ക് ഒരു ദിനം<br>റിസോഴ്സ് ഗ്രൂപ്പ് ഉണ്ടാക്കൽ അതിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകൽ ( ചിത്രം ,പാട്ട്,നൃത്തം എന്നീ മേഖലയിൽ )<br>പൂർവ്വവിദ്യാർത്ഥികൾക്കായി മാസത്തിൽ ഒരു മണിക്കൂർ വിദ്യാലയം വിട്ടുകൊടുക്കൽ,കായിക മത്സരങ്ങളിൽ ട്രൈനിംഗ് നൽകൽ | 2025-26 | PTA<br>PTA,STAFF<br>PTA,SMC | 1000/- |
| പൂർവ്വ അധ്യാപകരുടെ കൂട്ടായ്മ രൂപീകരണം | പൂർവ്വ അധ്യാപക കൂട്ടായ്മ രൂപീകരിക്കുന്നു.<br>പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | 2025-Sept | PTA,STAFF | 1000/- |

## വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് സാമൂഹിക പങ്കാളിത്തത്തോടെയുള്ള അറിവ് സമ്പാദനം

| | | | | |
|---|---|---|---|---|
| സമൂഹത്തെ അടുത്തറിയാനും നമുക്ക്ചുറ്റുമുള്ള അനന്തസാധ്യതകൾ ഉപയോഗപ്പെടുത്താനും ഉള്ള അവസരങ്ങൾ ഉണ്ടാക്കുക | കുന്നിൻ ചെരുവിൽ നിന്നൊരു മഴ കാണാം<br>മഴ യാത്ര ( സാമൂഹ്യശാസ്ത്ര ക്ലബ്ബിലെ കുട്ടികൾക്ക് )<br>മഴക്കൊയ്ത്ത്, ചെളിവെള്ളത്തിലെ കളികൾ ,<br>പരിസ്ഥിതി ജീവിത നൈപുണി സഹവാസ ക്യാമ്പുകൾ,<br>പാറപ്രദേശങ്ങളിലെ ചെറുജീവിതം<br>നിരീക്ഷണം,കുറിപ്പ് തയ്യാറാക്കൽ,പ്രൊജക്ട്<br><br>നാട്ടുകങ്ങളിലേക്ക് ഓരോ ഭാഗത്തുനിന്നും വരുന്ന കുട്ടികളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്നു.അവിടെയുള്ള ഒരു സാംസ്കാരികസംഘടന,വായനശാല എന്നിവയുമായി ബന്ധപ്പെടുന്നു.<br>ആഴ്ചയിലൊരിക്കൽ അവിടെയുള്ള കുട്ടികൾ രക്ഷിതാക്കൾ എന്നിവർ | 2025-26 | SS Club,<br>Vidyarangam<br>Science club | 10000/- |

അവിടെ ഒത്തുകൂടുന്നു.ചാർജ്ജുള്ള അധ്യാപകരുടെ സഹായത്തോടുകൂടി വിഷയസംശയ ദുരീകരണം പൊതുവായി അനുഭവിക്കുന്ന പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യുന്നു.കുട്ടികൾക്കും രക്ഷിതാക്കൾക്കും അക്കാദമിക അക്കാദമികേതര മേഖലകളിൽ പിന്തുണ നൽകുന്നു.

# GHS KANHIRAPOIL- INNOVATIVE ACTIVITIES

## 1.LEADERS FOR ALL :ALL ARE LEADERS

നേതൃത്വ പരിശീലനപ്രവർത്തനങ്ങളിലൂടെ അക്കാദമിക മികവിലേക്ക് 2025-26 അധ്യയന വർഷത്തിൽ ജി എച്ച് എസ് കാഞ്ഞിരപ്പൊയിൽ ഏറ്റെടുത്ത് നടത്തുന്ന തനത് പ്രവർത്തനം.

കാലയളവ് 02/06/2025 മുതൽ 31/03/2026 വരെ

കുട്ടികളുടെ വിവധ മേഖലകളിലുള്ള കഴിവുകൾ കണ്ടെത്തി,പരിപോഷിപ്പിച്ച് അവരെ ആത്മവിശ്വാസവും ,ഉത്തരവാദിതിവ ബോധവും സഹജീവി സ്നേഹവും,സഹാനുഭൂതിയും,സാമൂഹികബോധവും ഉള്ള പൗരൻമാരാക്കി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ജി എച്ച് എസ് കാഞ്ഞിരപ്പൊയിൽ നടത്തുന്ന ഒരു തനത് പ്രവർത്തനമാണ് ലീഡേഴ്സ് ഫോർ ഓൾ : ഓൾ ആർ ലീഡേഴ്സ്

### നേതൃത്വ പരിശീലന പ്രവർത്തനങ്ങളിലൂടെ അക്കാദമിക മികവിലേക്ക് : ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1 കുട്ടികളിലെ നേതൃത്വപരമായ കഴിവുകൾ ണ്ടെത്തി പരിപോഷിപ്പിക്കുക

2 കുട്ടികളിൽ സൗഹൃദാന്തരീക്ഷവും കൂട്ടായ്മ മനോഭാവവും രൂപപ്പെടുത്തുക

3 വിവിധമേഖലകളിലുള്ള കഴിവുകൾ തിരിച്ചറിയുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നതിലൂടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക

4 കഴിവുകൾ ഉണ്ടെന്ന് തിരിച്ചറിവിലൂടെ പഠന പ്രവർത്തനത്തിലും താല്പര്യമുണ്ടാക്കുക

5 സംഘപ്രവർത്തനത്തിലും സാമൂഹ്യപ്രവർത്തനത്തിലും താല്പര്യമുണ്ടാക്കുക

6 സ്നേഹം, ദയ ,സഹാനുഭൂതി,സഹവർത്തിത്വം,പരസ്പരസഹകരണം,എന്നിവ വളർത്തുക

7 കുട്ടികളിലെ സർഗ്ഗാത്മക കവിവുകൾ പ്രോത്സാഹിപ്പിക്കുക

8 കുട്ടികൾക്ക് നേരെയുണ്ടാവുന്ന അതിക്രമങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക

9 ആശയവനിമയ ശേഷി പ്രശ്നപരിഹരണ ശേഷി തുടങ്ങിയവ വികസിപ്പിക്കുക

10 സമൂഹവുമായി അടുത്തിടപഴകാനുള്ള അവസരം നൽകുക

**പ്രവർത്തനങ്ങൾ**

1 പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യാനും പ്രവർത്തനങ്ങളുടെ നടത്തിപ്പ് ആസൂത്രണം ചെയ്യാനും അധ്യാപകർക്ക് ഏകദിന പരിശീലനം

2 ക്ലാസ്സ് ചുമതലകൾ

എല്ലാ ക്ലാസ്സിലും ഒരേ സമയം പരമാവധി കുട്ടികൾക്ക് വിവിധ ചുമതലകൾ നൽകുന്നു.ഓരോ മാസം കാലാവധി നൽകുന്നു

| SL No | DUTY | NAME OF LEADER | PERFORMANCE/GRADE |
|---|---|---|---|
| 1 | ഡിസിപ്ലിൻ ക്ലാസ്സ്  അറേഞ്ച്മെന്റ് ലീഡർ | | |
| 2 | തോട്ട് & സ്പീച്ച് ലീഡർ | | |
| 3 | ജി കെ കോർണർ ലീഡർ | | |
| 4 | ദിനാചരണത്തിന്റെ ലീഡർ | | |
| 5 | ക്രിയേറ്റീവ് കോർണർ ലീഡർ | | |
| 6 | ഹെൽത്ത് & നൂൺ ഫീഡിംഗ് ലീഡർ | | |
| 7 | ലൈബ്രറി ലീഡർ | | |

ഓരോ ക്ലാസിലേയും ലീഡർമാർ ഓരോ മാസത്തിന്റെയും അവസാനം അവരുടെ പ്രവർത്തന മേഖലയിലെ മികവുകൾ പങ്കുവെക്കുകയും തെളിവുകൾ സഹിതം സംസാരിക്കുകയും ചെയ്യുന്നു. മറ്റു കുട്ടികൾക്ക് അതിന് അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്ത് സംസാരിക്കാൻ അവസരം നൽകുന്നു. തുടർന്ന് അധ്യാപകൻ മികച്ച ലീഡർമാരെ കണ്ടെത്തുന്നു.എല്ലാവർക്കും ഗ്രേഡ് നൽകുന്നു.

ഓരോ മാസത്തേയും സ്മാർട്ട് ലീഡർമാരെ ഉൾപ്പെടുത്തി ഒരു റിസോഴ്സ് പേഴ്സണെ വെച്ച് ഏകദിന ക്യാമ്പ് നടത്തുന്നു.ക്യാമ്പിൽ നിന്നും മികച്ച 5 പേരെ സ്മാർട്ട് ലീഡർമാരായി പ്രഖ്യാപിക്കുന്നു.

ഇങ്ങനെ സ്മാർട്ട് ലീഡർമാരായി പ്രഖ്യാപിക്കപ്പെടുന്ന കുട്ടികൾക്ക് സ്കൂളിലെ വിവിധ പരിപാടികൾ നടത്തുന്നതിനുള്ള അവസരം നൽകുന്നു.അഭിമുഖ സംഭാഷണത്തിനും ഓൾഡേജ് ഹോം,ബഡ്സ് സ്കൂൾ മറ്റു സാമൂഹിക സാംസ്കാരിക കേന്ദ്രങ്ങൾ തുടങ്ങിയവ സന്ദർശിക്കുന്നതിനും സമൂഹത്തെ അടുത്തറിയുന്നതിനും ഉള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.

ഓരോ വർഷവും സ്മാർട്ട് ലീഡർമാരെ സൃഷ്ടിക്കുന്നതിലൂടെ മികച്ച ആത്മവിശ്വാസവും ഉത്തരവാദിത്വബോധവും പൗരബോധവും നൽകാൻ സാധിക്കുന്നു. കഴിവുകൾ തിരിച്ചറിയുന്ന കുട്ടികൾ തങ്ങളുടെ കഴിവുകൾ അക്കാദമികമായ കാര്യങ്ങളിലേക്ക് കൂടി കൈമാറ്റം ചെയ്യുന്ന എന്നുള്ള കാര്യം ഉറപ്പുവരുത്തുന്നു.

# LEADERS FOR ALL :ALL ARE LEADERS

## പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

-SRG യിൽ / STAFF COMMITTEE യോഗത്തിൽ മൊഡ്യൂൾ പരിചയപ്പെടുത്തുന്നു.

- പദ്ധതി വിശദീകരണം ( രക്ഷിതാക്കൾക്ക് )

- ഓരോ ക്ലാസ്സുകളിൽ നിന്നും വിവിധ മേഖലകളിലെ ലീഡർമാരെ തെരഞ്ഞെടുക്കുന്നു.

- തെരഞ്ഞെടുക്കപ്പെട്ട ലീഡർമാർക്ക് ചുമതലകൾ ഉത്തരവാദിത്തങ്ങൾ വിശദീകരിക്കുന്നു.

പൊതു ലീഡർമാരെ തെരഞ്ഞെടുക്കുന്ന മേഖല ലീഡർമാർ ( ലിസ്റ്റ് ക്ലാസിൽ പ്രദർശിപ്പിക്കുന്നു.)

ഓരോ മാസാവസാനവും ലീഡർമാർ തങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു.

മറ്റ് കുട്ടികൾക്ക് അഭിപ്രായം പറയാനുള്ള അവസരം നൽകുന്നു.

വിവിധ അധ്യാപകരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നു.

കുട്ടികളെ ഗ്രേഡ് ചെയ്യുന്നു.

മികച്ച പ്രവർത്തനങ്ങൾ നടത്തിയ രണ്ട് ലീഡർമാരെ സ്മാർട്ട് ലീഡർമാരായി പ്രഖ്യാപിക്കുന്നു.

ഓരോ മാസത്തേയും ആദ്യ ശനിയാഴ്ച്ച സ്മാർട്ട് ലീഡർ ക്യാമ്പ് സംഘടിപ്പിക്കുന്നു.ഇതിൽ നിന്നും മികച്ച നേതൃഗുണമുള്ളവരെ കണ്ടെത്തി സ്മാർട്ട് ലീഡർമാരായി പ്രഖ്യാപിക്കുന്നു.

സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

ഓരോ മാസവും പുതിയ ലീഡർമാരെ തെരഞ്ഞെടുക്കുന്നു.

| മേഖല | പ്രവർത്തനങ്ങൾ |
|---|---|
| Discipline/Class arrangement/Leader | *ക്ലാസിന്റെ മൊത്തത്തിലുള്ള അച്ചടക്കത്തിന് നേതൃത്വം നൽകുന്ന<br>*ക്ലാസ് എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നതിന് നേതൃത്വം നൽകുന്ന<br>*ക്ലസ് ആകർഷകമാക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു<br>* ചെയ്യുന്ന പ്രവർത്തനങ്ങൾ എഴുതി കുറിപ്പായി സൂക്ഷിക്കുന്നു |

| | |
|---|---|
| Thought for the day and speech Leader | * ഓരോ ദിവസവും Thought ,speech പറയേണ്ട കുട്ടികളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ചുമരിൽ ഒട്ടിച്ച് വെക്കുന്നു.<br>*ഓരോ ദിവസവും മതലേദിവസം ഓർമ്മപ്പെടുത്തുന്നു.<br>*അവതരിപ്പിച്ച കുട്ടികളെ ടിക്ക് മാർക്ക് ചെയ്യുന്നു.ടീച്ചർ ഗ്രേഡ് രേഖപ്പെടുത്തുന്നു. |

| | |
|---|---|
| | *Thought for speech പറഞ്ഞ് കഴിഞ്ഞശേഷം അവർ എഴുതി ഒപ്പിട്ട പേപ്പർ അതതു സ്ഥലത്ത് ഒട്ടിച്ചു വെക്കുന്നു. |
| G.K.corner | -ഓരോ ദിവസവും പറയേണ്ട കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു ഒട്ടിച്ചു വെക്കുന്നു.<br>-ഓരോ ദിവസവും കുട്ടികളെ കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നു.<br>- ജി കെ മാർക്ക് ബോർഡ് തയ്യാറാക്കുന്നു.ഓരോ ദിവസവും ചോദിക്കുന്ന ചോദ്യങ്ങൾക്ക് ശരിയുത്തരം പറഞ്ഞവരുടെ മാർക്ക് കൃത്യമായി മാർക്ക് ബോർഡിൽ രേഖപ്പെടുത്തുന്നു.<br>- ഓരോ ദിവസവും ലഭിക്കുന്ന G.K ചോദ്യങ്ങൾ നിശ്ചിത സ്ഥലത്ത് ഒട്ടിച്ചു വെക്കുന്നു. ( ക്ലാസിൽ) മാസാവസാനം മാർക്ക് കൂട്ടി വിജയിച്ചവരെ കണ്ടെത്തുന്നു.ചെയ്യുന്ന കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തി അവതരണത്തിനായി സൂക്ഷിച്ചു വെക്കുന്നു.<br>പൊതുവായി നടക്കുന്ന ക്വിസ് മത്സരങ്ങൾക്ക് അർഹരായ കുട്ടികളെ മോട്ടിവേറ്റ് ചെയ്ത് പങ്കെടുപ്പിച്ച് വിജയിക്കാനുള്ള പ്രേരണ നൽകുന്നു. |
| DAY CELEBRATION (ദിനാചരണം - ലീഡർ ) | - ഓരോ മാസവും ക്ലാസ് തലത്തിൽ , സ്കൂൾ തലത്തിൽ നടത്തേണ്ട ദിനാചരണങ്ങളുടെ ലിസ്റ്റ് അധ്യാപകരുടെ സഹായത്തോടെ തയ്യാറാക്കുന്നു.<br>- ഓരോ ദിനാചരണത്തെക്കുറിച്ചും പൊതുവായി ക്ലാസിൽ സംസാരിക്കാൻ ഓരോ കുട്ടിയെ കണ്ടെത്തി ലിസ്റ്റ് ക്ലാസിൽ പ്രദർശിപ്പിക്കുന്നു.അവരെ നിശ്ചിത ദിവസത്തിനു മുമ്പെ ഓർമ്മപ്പെടുത്തുന്നു.<br>- ദിനാചരണവുമായി ബനധപ്പെട്ട മത്സരങ്ങൾക്ക് ക്ലാസിനെ തയ്യാറാക്കുന്നതിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്നു.മുഴുവൻ കുട്ടികളെയും മത്സരത്തിന്റും ഭാഗമാവാൻ പ്രചോദിപ്പിക്കുന്നു.<br>-ദിനാചരണം -ഏതു വിഷയത്തിലെ ഏതു പാഠഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു.എന്ന് മറ്റ് കുട്ടികളുടെ സഹായത്തോടെ കണ്ടെത്തി ആ പാഠഭാഗത്തിനനുസൃതമായ ദിനാചരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് നേതൃത്വം നൽകുന്നു.അധ്യാപകരുടെ പിന്തുണ തേടുന്നു. |

| | |
|---|---|
| Creative corner leader | ക്ലാസിലെ വിവിധ മേഖലകളിൽ കഴിവുള്ള കുട്ടികളെ തിരിച്ചറിഞ്ഞ് അവരെ ലിസ്റ്റ് ചെയ്യുന്നു<br>എല്ലാവരോടും അവരുടെ ഉത്പന്നങ്ങൾ ഘട്ടംഘട്ടമായി കൊണ്ട് വരാൻ ആവശ്യപ്പെടുകയും സൂക്ഷിച്ചു വെക്കുകയും ഓരോ ദിവസും സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കുള്ള ഇടത്തിൽ പ്രദർശിപ്പിക്കാനുള്ള നേതൃത്വം ഏറ്റെടുക്കുകയും ചെയ്യുന്നു.<br>-സ്കൂൾ തലത്തിൽ നടക്കുന്ന Creative corner മത്സരത്തിന് ക്ലാസിനെ സജ്ജമാക്കുന്നു<br>-എല്ലാ പ്രവർത്തനങ്ങളും രേഖപ്പെടുത്തി അവതരണത്തിനായി സൂക്ഷിക്കുന്നു. |
| Library Leader | -കുട്ടികൾക്കാവശ്യമായ പുസ്തകങ്ങൾ ഓരോ രണ്ടാഴ്ച കഴിയുമ്പോഴും ലൈബ്രറിയൽ നിന്നും ശേഖരിച്ച് വിതരണം ചെയ്യുന്നു.<br>വിതരണം ചെയ്യപ്പെടുന്നവരുടെയും അവർ എടുത്ത പുസ്തകങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുന്ന രേഖ സൂക്ഷിക്കുന്നു. ( പുസ്തക വിതരണ രജിസ്റ്റർ )<br>ക്ലാസ് തലത്തിൽ ഒരു ലൈബ്രറി തയ്യാറാക്കുന്നതിനുള്ള നേതൃത്വപരമായ പ്രവർത്തനങ്ങൾ നടത്തുന്നു.<br>-ആസ്വാദന കുറിപ്പുകളുടെ ഒരു കളക്ഷൻ ഉണ്ടാക്കുന്നതിനുള്ള നേതൃത്വം ഏറ്റെടുക്കുന്നു. |
| Health for Noon Feeding _ Leader | - കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ അധ്യാപകരെ കൃത്യമായി അറിയിക്കുന്നു.<br>-വ്യക്തിപ്രമായി ശുചിത്വം പരിസര ശുചിത്വം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കുകയും അധ്യാപകരെ അറിയിക്കുകയും ചെയ്യുന്നു.<br>-ഓരോ ആഴ്ചയും പരിസര ശുചിത്വം നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.<br>- പ്രഭാത ഭക്ഷണം കഴിക്കാതെ വരുന്നവർ , ഉച്ചഭക്ഷണം കഴിക്കാത്തവർ,പ്ലേറ്റുകൾ സ്ഥിരമായി കൊണ്ടുവരാത്തവർ ,ദിവസവും ഭക്ഷണം വലിച്ചെറിയുന്നവർ എന്നിവരെ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നു.<br>-മുട്ട,പാൽ വിതരണ സമയത്ത് കുട്ടികളെ കൃത്യമായി എത്തിക്കുന്നതിന് നേതൃത്വം നൽകുന്നു.<br>-വിദ്യാലയ ശുചിത്വ പരിപാടിയിൽ ഹരിതകർമ്മസേനയെ സഹായിക്കുന്നു. |
| നന്മക്കുടം ലീഡർ | നന്മക്കുടത്തിൽ കുട്ടികൾ അവരവർക്ക് കഴിയുന്ന പൈസ സംഭാവന ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുക<br>അത് രാവിലെയും വൈകുന്നേരവും കൃത്യമായ സ്ഥലത്ത് സൂക്ഷിച്ചു വെക്കുന്നു<br>അനാവശ്യമായി പൈസ കൊണ്ടുവരുന്നവർ ചെലവഴിക്കുന്നവർ എന്നിവരെ നിരീക്ഷിച്ച് കണ്ടെത്തി അധ്യാപകരെ അറിയിക്കുന്നു.<br>ചാരിറ്റി പ്രവർത്തനങ്ങളിൽ മറ്റു കുട്ടികളെ മോട്ടിവേറ്റ് ചെയ്യുന്നു<br>മാസാവസാനം അധ്യാപകരുടെ സഹായത്തോടെ കുടുക്ക പൊട്ടിച്ച് തുക ക്രമമാക്കി ആവശ്യക്കാരെ കണ്ടെത്തുന്ന പ്രക്രിയയിൽ സജീവമായി പങ്കെടുക്കുന്നു. |

## സാമൂഹിക പ്രവർത്തനങ്ങൾ

| | |
|---|---|
| സാഹിത്യ വൈജ്ഞാനിക യാത്ര | സ്റ്റാർ ലീഡർമാരെ ഉൾപ്പെടുത്തി സമീപ്രദേശങ്ങളിലുള്ള സാഹിത്യകാരൻമാരുടെ വീടുകളിൽ സന്ദർശനം നടത്തുന്നു.വായന ശാലകൾ ,ഗ്രന്ഥശാലകൾ,വ്യവസായ യൂണിറ്റുകൾ,ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് വിജ്ഞാനയാത്ര നടത്തുന്നു. |
| നേതാക്കളെ തേടി കുട്ടിനേതാക്കൾ | വിവിധ മേഖലകളിൽ നേതൃഗുണം തെളിയിച്ചവരുടെ വീടുകളിലേക്ക്,സ്ഥാപനങ്ങളിലേക്ക് ഒരു സന്ദർശനം അഭിമുഖം |
| Save Earth – പ്രകൃതി പഠനയാത്ര | പാരിസ്ഥിതിക പ്രാധാന്യമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ അനുഭവപ്പെടുന്ന പഞ്ചായത്തിലെ,സമീപ പഞ്ചായത്തുകളിലെ വിവധസ്ഥലങ്ങളിലേക്ക് യാത്ര നടത്തുന്നു.<br>പരിസ്ഥിതി പ്രവർത്തകരെ കൂടെ കൂട്ടുന്നു.ചർച്ച അഭിമുഖം നടത്തുന്നു.<br>സഹവാസ ക്യാമ്പ് നടത്തുന്നു. |
| രോഗികളുടെ / നിരാലംബരുടെ /ഒറ്റപ്പെട്ടവരുടെ വീടുകളിലേക്ക് | Pain for paliative വുമായി സഹകരിച്ച് നാട്ടിലെ പാവപ്പെട്ട നിരാലംബരായ ഒറ്റപ്പെട്ടു കഴിയുന്നവരുടെ വീടുകളിലേക്ക് കടന്നു ചെന്ന് സാന്ത്വനമാകുന്നു.<br>ജീവിതത്തിന്റെ അവസ്ഥാവിശേഷങ്ങൾ,തിരിച്ചറിയുന്നു. പുതിയ കാഴ്ചപ്പാടുകൾ ഉണ്ടാക്കുന്നു. പറ്റുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിന് നേതൃത്വം നൽകുന്നു. |
| Buds School / Old age Home | ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ തിരുത്തുന്നതിന് വേണ്ടി വ്യത്യസ്തമായ ജീവിതാനുഭവങ്ങൾ കാണുവാനും കേൾക്കുവാനും വേണ്ടിയുള്ള യാത്ര.<br>അവരോടൊത്ത് ഒരു ദിവസം<br>അവരെ കേൾക്കുന്നു<br>ജീവിതാനുഭവങ്ങളുടെ കുറിപ്പ് തയ്യാറാക്കുന്നു.<br>ഇടപെടലുകൾ സഹായങ്ങൾ വേണ്ട ഇടങ്ങളിൽ അതിനാവശ്യമായ നേതൃത്വം നൽകുന്നു. |
| മുത്തശ്ശിമാരോടും ,മുത്തച്ഛൻമാരോടുമൊത്ത് | നാട്ടിലെ മുത്തശ്ശിമാരോടും ,മുത്തച്ഛൻമാരോടും കുശലം പറയാൻ അനുഭവങ്ങൾ പങ്കു വെയ്ക്കാൻ ഒരു ദിനം കണ്ടെത്തുന്നു.<br>തെരഞ്ഞെടുത്ത കുട്ടികളോടൊത്ത് മുൻ നിശ്ചയിച്ചപ്രകാരം പോകുന്നു.<br>അവരെ കാണുന്നു, കേൾക്കുന്നു, സംസാരിക്കുന്നു പരിപാടികൾ നടത്തുന്നു |

**School Headmistress,Senior Assistant Leaders for all ചാർജുള്ള അധ്യാപകൻ എന്നിവർ പ്രവർത്തനത്തിന്റെ Monitoring team ആയി പ്രവർത്തിക്കുന്നു.**

| പ്രവർത്തനം | ആസൂത്രണം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 2 പഠനോത്സവങ്ങൾ | - സംഘാടനം<br>- രണ്ട് മാസത്തിലൊരിക്കൽ പഠനോത്സവങ്ങൾ<br>ക്ലബ്ബ്/ വായനശാല എന്നിവയുടെ തെരഞ്ഞെടുക്കൽ<br>കുട്ടികളുടെ മികവ് അവതരണങ്ങൾ | 2025-26 | SRG | 30000/- |
| 3 WINGS OF KANHIRAPOIL | ക്വിസ് - ക്ലാസ്സ് തലം ,സ്കൂൾ തലം<br>തീം റൗണ്ട് ,ആനുകാലിക സംഭവങ്ങൾ<br>STARS OF THE MONTH<br>പഞ്ചായത്ത് തലം,അംഗനവാടി തലം,ക്ലബ്ബ് തലം | 2024-2027 | HARIPRASAD V V | 60000/- |
| 4 LITTLE STARS<br>a. കഥ പറഞ്ഞ് കാഞ്ഞിരപ്പൊയിൽ<br>b. Nest of Stories | മൊഡ്യൂൾ നിർമ്മാണം<br>രക്ഷിതാക്കളുടെ യോഗം<br>TLM നിർമ്മാണം<br>കഥാദിനങ്ങൾ / STORY TELLING DAYS | 2025-26 | HARIPRASAD V V<br>RAJITHA C<br>REGINA V P<br>SHEENA P U<br>SREELATHA M | 30000/- |